ഉത്തരം

(എ) വ്യവസായ വകുപ്പ്, കെ.എസ്.ഐ.ഡി.സി. മുതലായ സ്ഥാപനങ്ങൾ ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ടുകൾ, ഗൈഡുകൾ എന്നിവ കാലാകാലങ്ങളിൽ തയ്യാറാക്കി വരുന്നു. ചെറുകിട വ്യവസായങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള സാദ്ധ്യതാ പഠന റിപ്പോർട്ടുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ സ്മോൾ ഇൻഡസ്ട്രീസ് സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു.

(ബി) ഇപ്പോൾ വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, ഡോക്യുമെന്റേഷൻ സെന്റർ, കെ.എസ്.ഐ.ഡി.സി യിലുള്ള ടെക്നോളജി ബാങ്ക്, ഇൻഡസ്ട്രിയൽ ഇൻഫർമേഷൻ സെന്റർ സർക്കാർ സ്ഥാപനങ്ങളായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, കിറ്റ്കോ എന്നിവ ഈ ലക്ഷ്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത്.

249 (1428) കൊച്ചിയിൽ റിഫൈനറി പ്ലാന്റ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി റിഫൈനറിയുടെ പുതിയ പ്ലാന്റിനുവേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി അക്വയർ ചെയ്യുമ്പോൾ പ്രകൃതിദത്തമായ അതിർത്തിയുടെ അടിസ്ഥാനത്തിലും സമീപത്ത് താമസിക്കുന്നവർക്ക് ബുദ്ധിമുട്ടില്ലാതെയും "ഗ്രീൻബെൽറ്റ് ഏരിയ" കൂടി കണ്ടുകൊണ്ടുള്ള നടപടി സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

250 (1429) വ്യവസായ വികസന കോർപ്പറേഷനിലെ വിജിലൻസ് കേസുകൾ

ശ്രീ. വി. ബാലറാം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിലെ എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്?

ഉത്തരം

താഴെപ്പറയുന്ന അഞ്ച് ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്.

1) ശ്രീ. എസ്. പത്മകുമാർ, ഐ.എ.എസ്. (റിട്ട:), മുൻ ചെയർമാൻ

2) ശ്രീ. സോമസുന്ദരം, ഐ.എ.എസ്., മുൻ എം.ഡി.

3) ശ്രീ. ബി. ചന്ദ്രശേഖരൻ നായർ, ജനറൽ മാനേജർ.

LIBRARY ARCHIVES Kerala Legislative Assembly

4) ശ്രീ. കെ. വിജയചന്ദ്രൻ, മുൻ പാർട്ടൈം ചെയർമാൻ

5) ശ്രീ. ജെയിംസ് ജോസഫ്, മുൻ എം.ഡി.

251 (1430) വ്യവസായ വികസന കോർപ്പറേഷനിലെ ഉദ്യോഗസ്ഥരുടെ പേരിലുള്ള വിജിലൻസ് കേസ്സുകൾ

ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനിലെ എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്;

(ബി) ഇതിൽ ആരുടെയൊക്കെ പേരിൽ എഫ്.ഐ.ആർ സമർപ്പിച്ചിട്ടുണ്ട്;

(സി) ആരുടെയൊക്കെ പേരിലാണ് പ്രോസിക്യൂഷൻ നടപടികൾ നടക്കുന്നത്;

(ഡി)) കോമിൻകോ ബിനാനി സിങ്ക് ഷെയർ വിറ്റ പണം പ്രൈവറ്റ് സ്ഥാപനത്തിൽ നിക്ഷേപിച്ച് ബന്ധുക്കൾക്ക് ജോലി നേടിയ കേസ്സിൽ പ്രതികളെ പ്രോസിക്യൂട്ട് ചെയ്യുവാൻ വിജിലൻസ് ഡിപ്പാർട്ട്മെന്റ് അനുമതി ചോദിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അനുമതി സൽകിയിട്ടുണ്ടോ;

(എഫ്) അഴിമതിക്കാരായ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ജി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) താഴെപ്പറയുന്ന അഞ്ച് ഉദ്യോഗസ്ഥരുടെ പേരിൽ

1) ശ്രീ. എസ്. പത്മകുമാർ ഐ.എ.എസ് (റിട്ടയേർഡ്)
മുൻ ചെയർമാൻ

2) ശ്രീ. സോമസുന്ദരം ഐ.എ.എസ്, മുൻ എം.ഡി

3) ശ്രീ. ബി. ചന്ദ്രശേഖരൻ നായർ, ജനറൽ മാനേജർ

4) ശ്രീ. കെ. വിജയചന്ദ്രൻ, മുൻ പാർട്ട് ടൈം ചെയർമാൻ

5) ശ്രീ. ജെയിംസ് ജോസഫ്, മുൻ എം.ഡി. അഞ്ചുപേരുടെ പേരിലും എഫ്.ഐ.ആർ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രോസിക്യൂഷൻ നടപടിയായിട്ടില്ല. ശ്രീ. എസ്. പത്മകുമാർ, ശ്രീ. സോമസുന്ദരം, ശ്രീ. സി. ചന്ദ്രശേഖരൻ നായർ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി)-(ജി)കോമിൻകോ ബിനാനി കമ്പനിയിൽ നിക്ഷേപിച്ചിരുന്ന ഷെയറുകൾ വിറ്റത് സംബന്ധിച്ച വി.സി 13/98 എസ്.ഐ.യു കേസ്സിൽ പ്രതികളെ പ്രോസിക്യൂട്ട് ചെയ്യാൻ വിജിലൻസ് ബ്യൂറോ സർക്കാരിന്റെ അനുമതി ചോദിച്ചിട്ടുണ്ട്. അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly